**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6261** **10-11-2021 - ൽ മറുപടിയ്ക്ക്**

**മഴക്കെടുതിമൂലം പൂഞ്ഞാർ മണ്ഡലത്തിലെ റോഡുകൾക്കും പാലങ്ങൾക്കുമുണ്ടായ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2021 ഒക്ടോബർ മാസത്തിലെ അതിതീവ്ര മഴയെത്തുടർന്നുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്കും പാലങ്ങൾക്കുമുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 2021 ഒക്ടോബർ മാസം 16-ാം തീയതി ഉണ്ടായ അതിതീവ്ര മഴയിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനു കീഴിൽ 38 റോഡുകളും 28.10.2021 ലെ കനത്ത് മഴയിലും ഉരുൾപൊട്ടലിലും 2 റോഡുകളും ഉൾപ്പെടെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ആകെ 40 റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിരുന്നു. ആകെ നാശനഷ്ടം ഏകദേശം 2855.90 ലക്ഷം രൂപയാണെന്ന് കണക്കാക്കുന്നു. പാലം വിഭാഗത്തിനു കീഴിലെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ ദേശീയപാത -183 ൽ ചോറ്റി ഭാഗത്ത് റോഡിന്റെ സൈഡ് കെട്ട് ഇടിഞ്ഞിട്ടുണ്ട്. ദേശീയപാത 183A യുടെ കി.മീ. 103/200 മുതൽ 112/100 വരെയുള്ള ഭാഗങ്ങളിൽ കി.മീ. 108/905 ൽ (കണ്ണിമല) മണ്ണിടിച്ചിൽ ഉണ്ടാവുകയും റോഡിലേക്ക് മരങ്ങൾ മറിഞ്ഞു വീഴുകയും ചെയ്തു. കി.മീ. 116/400ൽ (പുത്തഞ്ചന്ത causeway) പ്രളയ ജലം മൂലം റോഡിന്റെ carriage way യ്ക്ക് കനത്ത നാശനഷ്ടം സംഭവിച്ചു. മുണ്ടക്കയം ടൗൺ ഭാഗത്ത് പ്രളയ ജലത്തിലൂടെ എത്തിയ ചെളി അടിഞ്ഞുകൂടി ഓടകൾ അടഞ്ഞുപോയിട്ടുണ്ട്. എരുമേലി മുതൽ കണമല വരെയുള്ള റോഡ്സ്ട്രെച്ചിൽ കണമല ഭാഗത്ത് ശക്തമായ വെള്ളമൊഴുക്ക് മൂലം റോഡിന്റെ bermഒലിച്ചുപോയിട്ടുണ്ട്. കൂടാതെ മണ്ണൊഴുകി റോഡിലേക്ക് വീഴുകയും ചെയ്തിരുന്നു. ഇത് നീക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കനത്ത മഴമൂലം berm ഒലിച്ചുപോയ ഭാഗങ്ങളിൽ കോൺക്രീറ്റ് ചെയ്യുന്നതിനും തകർന്ന ക്രാഷ് ബാരിയറുകൾ പുനഃസ്ഥാപിക്കുന്നതിനുമായിട്ടുള്ള എസ്റ്റിമേറ്റിന് 7,93,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തുടർന്ന് എത്രയും വേഗം സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മണ്ഡലത്തിലെ ഏതെല്ലാം റോഡുകളും പാലങ്ങളുമാണ് ഗതാഗതയോഗ്യമല്ലാതായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2 റോഡുകളിലാണ് ഗതാഗതം പൂർണ്ണമായും പുന:സ്ഥാപിക്കാൻ സാധിച്ചിട്ടില്ലാത്തത് 1. മുണ്ടക്കയം - കൂട്ടിക്കൽ - ഇളംകോട് - വല്യന്ത - കോലാഹലമേട് - വാഗമൺ റോഡ് ചെയിനേജ് 0/000 മുതൽ 23/850 കി മീ വരെ 2. കൂട്ടിക്കൽ - കാവാലി - പ്ലാപ്പള്ളി - ഏന്തയാർ റോഡ് - ചെയിനേജ് 0/000 മുതൽ 13/000 കി മീ വരെ . പാലം വിഭാഗത്തിനു കീഴിൽ 1. 26-ാം മൈൽ പാലം: നിയന്ത്രിത ഗതാഗതം. 2. ഇളംകോട് - വാഗമൺ - വല്യന്ത റോഡിലെ കലുങ്ക്- അപ്രോച്ച് റോഡ് പൂർണ്ണമായി തകർന്നു. പാലം ഗതാഗത യോഗ്യമല്ല. 3. വിഴിക്കത്തോട് - ചേനപ്പാടി റോഡിലെ കടവനാൽ കടവ് പാലം: പാലത്തിന്റെ രണ്ട് സ്പാനുകൾ തെന്നിമാറിയിട്ടുണ്ട്. ഗതാഗത യോഗ്യമല്ല. |
| (സി) | മണ്ഡലത്തിലെ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണി നടത്തുന്നതിനും പുനർനിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കോട്ടയം നിരത്ത് വിഭാഗം കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന റോഡുകൾക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ അടിസ്ഥാനമാക്കി പുന:നിർമ്മാണത്തിനും പരിപാലനത്തിനും വേണ്ടുന്ന സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. പാലം വിഭാഗത്തിനു കീഴിൽ അറ്റകുറ്റപ്പണികൾക്കായി 5 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 1. 26-ാം മൈൽ പാലത്തിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾക്കായി 9.6 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും, പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്. 2. മുണ്ടക്കയം കോസ് വേ അറ്റകുറ്റപ്പണി 9.4 ലക്ഷം. 3. കടവനാൽക്കടവ് പാലം - അടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് - 4 ലക്ഷം. 4. ഊരുങ്കൽ കടവ് പാലം - അടിഞ്ഞുകൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് 2.7 ലക്ഷം, 5. ഊരുങ്കൽ കടവ് പാലം- അറ്റകുറ്റപണികൾ 15 ലക്ഷം |

സെക്ഷൻ ഓഫീസർ

6261

പാലം വിഭാഗം

അനുബന്ധം.

**2021 ഒക്ടോബർ മാസത്തിലെ അതി തീവ്ര മഴയിൽ പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പാലങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ. നം. | പാലത്തിന്റെ പേര് | നാശനഷ്ടം |
|---|---|---|
| 1. | 26-ാം മൈൽ പാലം | കൈവരികൾ, അബട്ട്മെന്റ്, പിയറുകൾ എന്നിവക്ക് കേടുപാടുണ്ട്. |
| 2. | ഇളംകാട് വാഗമൺ വല്യന്താ റോഡിലെ കൾവെർട്ട് | അപ്രോച്ച് റോഡ് പൂർണ്ണമായി തകർന്നു. |
| 3. | വിഴിക്കിത്തോട് ചേനപ്പാടി റോഡിലെ കടവനാൻകടവ് പാലം | ഡെക്ക് സ്ലാബിന് സ്ഥാന ചലനമുണ്ടായി. |
| 4. | മുണ്ടക്കയം കോസ് വേ | കൈവരികൾ തകർന്നു. |
| 5. | ഊരുങ്കൽ കടവ് കോസ് വേ | കൈവരികൾക്ക് കേടുപാടുണ്ട്. പാരപ്പറ്റ്, അപ്രോച്ച് റോഡ് ഭാഗികമായി തകർന്നു. |
| 6. | മൂക്കൻപെട്ടി കോസ് വേ | കൈവരികൾക്ക് കേടുപാടുണ്ട്. |
| 7. | ഈരാറ്റുപേട്ടയിലെ ചിറ്റാന്നികര കോസ് വേ | കൈവരികൾക്ക് കേടുപാടുണ്ട്. |
| 8. | പൂഞ്ഞാറിലെ കാവുംകടവ് പാലം | കൈവരികൾക്ക് കേടുപാടുണ്ട്. |